# കേരള കാർഷിക സർവകലാശാല വാർത്തകൾ

(മാർച്ച് 11 – 17, 2022)

(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651
E-mail: ccmannuthy@kau.in, Phone:0487-2370773)

**No. C3/4/2022– 11** **Dt: 10.03.2022**

## ഈയാഴ്ചത്തെ വിള പരിപാലന നിർദ്ദേശങ്ങൾ

കുരുമുളക് വേരു പിടിപ്പിക്കുന്നതിനായി ചുറ്റി വച്ച കൊടിത്തലകൾ മുറിച്ചെടുത്ത് രണ്ടോ മൂന്നോ മുട്ടുകളുള്ള കഷ്ണങ്ങളാക്കിയതിനു ശേഷം വേരുപിടിപ്പിക്കാൻ നടാം. ചെന്തലകളുടെ നടുഭാഗമാണ് നടാൻ ഉപയോഗിക്കേണ്ടത്. പോട്ടിങ്ങ് മിശ്രിതത്തിൽ ട്രൈക്കോഡെർമ്മ, മൈക്കോറൈസ മുതലായ ജീവാണുക്കളുടെ കൾച്ചർ ചേർക്കുന്നത് തൈകൾ അഴുകി നശിക്കുന്നത് തടയും. പന്നിയൂർ 1,2,3,4,5,6,7, ശുഭകര, ശ്രീകര, കരിമുണ്ട, പഞ്ചമി, പൗർണമി, കൊറ്റനാടൻ, കുതിരവാലി, ബാലൻകൊട്ട, കല്ലുവള്ളി എന്നിവ കൂടുതൽ ഉൽപാദനം നൽകുന്ന ഇനങ്ങളാണ്. പന്നിയൂർ 6 തണലിലും, തുറസ്സായ സ്ഥലത്തും വളരുന്ന ഇനമാണ്. തിരികൾക്ക് നീളക്കൂടുതൽ ഉള്ള ഇനമാണ് പന്നിയൂർ 7. ഈ രണ്ടിനങ്ങളും എല്ലാ വർഷവും നന്നായി കായ്ക്കുകയും ചെയ്യും.

കമുകിന്റെ ഒരു പ്രധാന പ്രശ്നമാണ് മഞ്ഞളിപ്പ്. ഇത് പല കാരണങ്ങളാൽ ഉണ്ടാകാം. മഴക്കാലത്തെ നീർവാർച്ച ഇല്ലാത്തതാണ് പ്രധാന കാരണം. മണ്ണിൽ നൈട്രജൻ, പൊട്ടാഷ്, മഗ്നീഷ്യം എന്നിവയുടെ അഭാവം മഞ്ഞളിപ്പിന് ഇടയാക്കും. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ ചിട്ടയായ പരിചരണത്തിലൂടെ മഞ്ഞളിപ്പ് മാറ്റിയെടുക്കാം. എല്ലാ വർഷവും ഓരോ തടത്തിലും അര കിലോ ഗ്രാം വീതം കുമ്മായം ചേർക്കുന്നത് നന്നായിരിക്കും.

മരച്ചീനിയിലെ ഇലകരിച്ചിൽ രോഗം ഒഴിവാക്കാൻ രോഗ പ്രതിരോധശേഷിയുള്ള ഇനങ്ങൾ കൃഷി ചെയ്യുക. ഈ രോഗത്തിനെതിരെ ഒരു പരിധി വരെ പ്രതിരോധശേഷിയുള്ള ഇനങ്ങളാണ് H-97, H-226, H-1687, H-2304 എന്നിവ.

പുഴുവില്ലാത്ത മാമ്പഴം കിട്ടുവാൻ വിളഞ്ഞ മാങ്ങകൾ പറിച്ചെടുത്ത് ഒരു ബക്കറ്റ് തിളച്ച വെള്ളവും, മുക്കാൽ ബക്കറ്റ് സാധാരണ ഊഷ്മാവിൽ ഉള്ള വെള്ളവും കൂട്ടി ചേർത്തതിൽ ലിറ്ററിന് 1 ഗ്രാം എന്ന തോതിൽ കറിയുപ്പ് ചേർത്ത് 15 മിനിറ്റോളം മുക്കി വയ്ക്കുക. അതിന് ശേഷം ഈ മാങ്ങ പുറത്തെടുത്ത് സാധാരണ വെള്ളത്തിൽ കഴുകി തുടച്ചതിനു ശേഷം പാക്ക് ചെയ്യുകയോ, പഴുപ്പിക്കാൻ വെയ്ക്കുകയോ ചെയ്താൽ പുഴുവില്ലാത്ത മാമ്പഴം കഴിക്കാം.

അന്തരീക്ഷ ഊഷ്മാവ് കൂടി വരുന്ന സാഹചര്യത്തിൽ തെങ്ങിൻ തടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിനായി പച്ചയോ ഉണങ്ങിയതോ ആയ ചകിരിയിട്ട് മൂടുന്നത് നല്ലതാണ്. തെങ്ങിന്റെ ചുവട്ടിൽ നിന്ന് മൂന്ന് മീറ്റർ അകലത്തിൽ വരികൾക്കിടയിൽ ചാലു കീറിയോ, ഓരോ തെങ്ങിന്റെ കടയ്ക്ക് ചുറ്റും തടിയിൽ നിന്നും രണ്ട് മീറ്റർ അകലത്തിൽ വട്ടത്തിൽ ചാലുകൾ എടുത്തോ, അതിൽ ചകിരി നിരത്തിയ ശേഷം മണ്ണിട്ടുമൂടാം. ചകിരിയുടെ കുഴിഞ്ഞ ഉൾഭാഗം മുകളിലേയ്ക്ക് വരത്തക്ക വിധത്തിലാണ് ചകിരി ചാലുകളിൽ അടുക്കേണ്ടത്. ഇതിന് മുകളിൽ മണ്ണിട്ടു മൂടണം. ചകിരി അടുക്കുന്നതു കൊണ്ടുള്ള ഗുണം 5–7 വർഷക്കാലം നിലനിൽക്കും. ചകിരിക്കു പകരം ചകിരിച്ചോറ് തെങ്ങൊന്നിന് 25 കി.ഗ്രാം എന്ന തോതിൽ ഓരോ വർഷവും തടത്തിലിട്ടു മൂടുന്നതും ഈർപ്പം സംരക്ഷിക്കാൻ ഉതകും.

തെങ്ങിനെ ബാധിക്കുന്ന പ്രധാന കീടമായ ചെമ്പൻ ചെല്ലികളെ നിയന്ത്രിക്കുന്നതിന് 250 ഗ്രാം വേപ്പിൻ പിണ്ണാക്ക് അല്ലെങ്കിൽ മരോട്ടിപ്പിണ്ണാക്ക് 250 ഗ്രാം മണലുമായി ചേർത്ത് ഓലക്കവിളിൽ നിക്ഷേപിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ തെങ്ങിൻ തടിയിലെ ദ്വാരങ്ങൾ കണ്ടുപിടിച്ച് മുകളിലത്തെ ദ്വാരങ്ങൾ ഒഴികെ മറ്റെല്ലാ ദ്വാരങ്ങളും അടച്ചതിനുശേഷം മുകളിലത്തെ ദ്വാരത്തിലൂടെ ഇമിഡാക്ലോപ്രിഡ് തെങ്ങൊന്നിന് 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഒഴിച്ചുകൊടുക്കുക.

വാഴയിൽ ഇലപ്പുള്ളി രോഗം കാണാൻ സാധ്യതയുണ്ട്. ഈ രോഗം നിയന്ത്രിക്കുന്നതിനായി 20 ഗ്രാം സ്യൂഡൊമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക.

പച്ചക്കറികളിൽ മണ്ഡരി, ഇലപ്പേൻ, വെള്ളീച്ച മുതലായ നീരൂറ്റികുടിക്കുന്ന പ്രാണികൾ മൂലമുള്ള കുരുടിപ്പുരോഗം കാണാൻ സാധ്യതയുണ്ട്. 20 ഗ്രാം വെർട്ടിസീലിയം പൊടി ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. വേപ്പെണ്ണയടങ്ങുന്ന കീടനാശിനികൾ പത്ത് ദിവസം ഇടവിട്ട് തളിക്കുന്നതും കീട നിയന്ത്രണത്തിന് നല്ലതാണ്

ചെടികളിൽ കാണുന്ന വെളുത്ത പഞ്ഞിപോലുള്ള മീലിമൂട്ടയേയും പരന്ന ആകൃതിയിലുള്ള ശല്ക്കകീടങ്ങളേയും നിയന്ത്രിക്കാനായി 5 ഗ്രാം ബാർസോപ്പ് ചെറുതായി അരിഞ്ഞ് ചൂടു വെള്ളത്തിൽ ലയിപ്പിച്ച് ചെടികളിൽ തളിച്ചു കൊടുത്തതിന് ശേഷം ഒരു മണിക്കൂർ കഴിഞ്ഞ് ലക്കാനിസീലിയം ലക്കാനി എന്ന *കുമിൾ പൊടി* 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കണം. ഇവ വൈകുന്നേരങ്ങളിൽ തളിക്കുന്നതാണ് ഉത്തമം. മീലിമൂട്ടയുടെ വംശവർദ്ധനവ് വളരെ കൂടുതലായതിനാൽ 2–3 ദിവസത്തിലൊരിക്കൽ തളിച്ചു കൊടുക്കണം. ഇതു വൈകുന്നേരങ്ങളിൽ തളിക്കുന്നതാണ് ഉത്തമം. ഇവയെ ലഭിക്കുന്നതിന് വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിലെ ബയോകൺട്രോൾ

യൂണിറ്റുമായോ മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററുമായോ ബന്ധപ്പെടുക. ഫോൺ നമ്പർ : 0487-2438303/ 0487-2370773.

പപ്പായ മീലിമൂട്ടക്കെതിരെ *അസിരോഫാഗസ് പപ്പായേ* എന്ന എതിർ പ്രാണികളെ ഉപയോഗിക്കുന്നത് ഫലപ്രദമാണ്.

## അറിയിപ്പ്

- കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവ്വകലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണവും വില്പനയ്ക്കുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : **0487–2370773**
- കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. പച്ചക്കറികൾ കൊണ്ടുള്ള കൊണ്ടാട്ടങ്ങൾ പാവൽ, വെണ്ട, പയർ), പൊടികൾ വിവിധ തരം അച്ചാറുകൾ, ജാം, പഴം ഹൽവ, ചില്ലി സോസ്, തക്കാളി സോസ് തുടങ്ങിയ വിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടാതെ വാട്ടുകപ്പ പോലെ പഴം പച്ചക്കറികൾ ഉണക്കി സൂക്ഷിക്കേണ്ട പ്രാഥമിക സംസ്കരണവും ചെയ്തു കൊടുക്കുന്നതാണ്.

## നിബന്ധനകൾ

1. കുറഞ്ഞത് 10 കിലോഗ്രാം പഴം, പച്ചക്കറി ഉണ്ടാവണം.
2. കർഷകർക്ക് താൽപ്പര്യമുള്ള ഉൽപ്പന്നമോ അസംസ്കൃത വസ്തുവിന്റെ ഗുണനിലവാരം അനുസരിച്ച് വിപണന സാധ്യതയുള്ള ഏതെങ്കിലും ഉൽപ്പന്നമോ തയ്യാറാക്കി നൽകുന്നു.
3. മൂല്യവർദ്ധിത ഉൽപ്പന്നം തയ്യാറാക്കുവാൻ വേണ്ടി വസ്തുക്കളുടെ വിലയും കൂലിച്ചിലവും കർഷകർ അടയ്ക്കണം.
4. മൂല്യവർദ്ധിത ഉൽപ്പന്നം പാക്ക് ചെയ്യുവാനുള്ള വസ്തുക്കൾ കർഷകർ കൊണ്ടു വന്നാൽ അതിൽ പാക്ക് ചെയ്തും നൽകും.
5. കേരള കാർഷിക സർവകലാശാലയുടെ പേരിൽ ഇത് വിപണനം ചെയ്യുവാൻ സാധ്യമല്ല. ഉൽപ്പന്നം കർഷകർ തന്നെ അവരുടെ സ്ഥാപനപേരിൽ വിപണനം ചെയ്യേണണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് **0487-2370773, 8089173650** എന്നീ ഫോൺ നമ്പറുകളിലോ ccmannuthy@kau.in എന്ന മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

**ഒപ്പ്/-**

**പ്രൊഫസർ & ഹെഡ്**

കമ്മ്യൂണിക്കേഷൻ സെന്റർ